## പതിമൂന്നാംകേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3892
31.01.2014 ലെ മറുപടിയ്ക്ക്

നിയമസഭാ ചോദ്യം
നമ്പർ : 3892

2014 ജനുവരി 31 ന്
മറുപടി പറയേണ്ടത്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | | ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും നിയമവും, ഭവനനിർമ്മാണവും വകുപ്പു മന്ത്രി |
| എ) | താലൂക്ക് ആശുപത്രിയായി ഉയർത്തപ്പെട്ട ബാലുശ്ശേരി സർക്കാർ ആശുപത്രിയിൽ ഗൈനക്കോളജി, പീഡിയാട്രി, ജനറൽ മെഡിസിൻ വിഭാഗങ്ങൾ ആരംഭിക്കുന്നതിനായി തസ്തികകൾ അനുവദിക്കുന്നതിന് ആരോഗ്യ വകുപ്പ് ശുപാർശകൾ സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | ബാലുശ്ശേരിയിലെ താലുക്കാശുപത്രിയിൽ മിനിമം ചികിത്സാ സൗകര്യം ഏർപ്പെടുത്തുന്നതിനായി ഗൈനക്കോളജി, പീഡിയാട്രി, ജനറൽ മെഡിസിൻ എന്നീ വിഭാഗങ്ങളിൽ ജൂനിയർ കൺസൾട്ടന്റിന്റെ ഓരോ തസ്തികകൾ അനുവദിക്കുന്നതിനുള്ള ശുപാർശ ആരോഗ്യ വകുപ്പിൽ നിന്നും ലഭിച്ചിട്ടുണ്ട്. ബാലുശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലുക്കാശുപത്രിയായി ഉയർത്തി 21 തസ്തികകൾ സൃഷ്ടിക്കണമെന്നതായിരുന്നു ശുപാർശ |
| ബി | എങ്കിൽ ഇതു സംബന്ധിച്ച നടപടികളുടെ പുരോഗതി വിശദമാക്കാമോ? | ബാലുശ്ശേരി സി.എച്ച്.സി യെ താലൂക്കാശുപത്രിയായി ഉയർത്താൻ അനുമതി നൽകിയെങ്കിലും ഇപ്പോൾ ലഭ്യമായ ചികിത്സാ/ ലാബ് സൗകര്യങ്ങളെക്കുറിച്ചും നിലവിലുള്ള കിടക്കകളുടെ എണ്ണം, ഇൻപേഷ്യന്റ് നിലവാരം, മറ്റു കെട്ടിട സൗകര്യങ്ങൾ ലഭ്യമാണോ എന്നത് സംബന്ധിച്ചും വിശദമായ റിപ്പോർട്ട് ആരോഗ്യ വകുപ്പിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത തസ്തികകൾ അനുവദിക്കുന്നതിന് വേണ്ട നടപടി ത്വരിതപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ